



# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ

# തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക്  - പാറശാല**

**ഗ്രാമപഞ്ചായത്ത്- പാറശ്ശാല**

**വാർഡ് -മുള്ളുവിള** (13)

**ഗ്രാമസഭ തീയതി** : 20/10/2019

**സമയം** : 2.00 **മണി**

***<u>ആമുഖം</u>***

**ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക്** 100 **ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.**

**തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം.** 2005 **ഓഗസ്റ്റ്** 23 **ആം തീയതി യാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.**

**തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..**

**തൊഴിൽ ആവശ്യപ്പെടുന്നവർക്ക്** 15 **ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം** 14 **ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.**

**ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ** 200 **ഗ്രാമീണ ജില്ലകളിൽ** 2006 **ഫെബ്രുവരി** 2 **തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു.**

കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിൻറെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## പാറശ്ശാല പഞ്ചായത്ത്

മുള്ളുവിള പാറശ്ശാല വില്ലേജ്. യൂണിയന് ആയിരുന്നു. സർക്കാർ നോമിനേറ്റ് ചെയ്യുന്നവരായിരുന്നു അംഗങ്ങൾ. 1952 ൽ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെ വല്ലേജ് യൂണിയൻ പഞ്ചായത്തായിമാറി. 1953 ൽ ജനാധിപത്യരീതിയിൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്. സെൽവനായകം പ്രസിഡന്റ് ആയി.

ഇവിടുത്തെ ജനങ്ങളിൽ ഭൂരിവിഭാഗം  സാക്ഷരർ ആണ്. ജനങ്ങളുടെ  പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്.

അടിസ്ഥാന വിവരങ്ങൾ

വില്ലേജ് - പാറശ്ശാല

താലൂക്ക് - നെയ്യാറ്റിൻകര

വിസ്തീർണ്ണം - 20.02 ച സെ മി

വാർഡുകളുടെ എണ്ണം - 23

അതിരുകൾ

കിഴക്ക് - കന്യാകുമാരി ഡിസ്ട്രിക്ട്

പടിഞ്ഞാറ് - ചെങ്കൽ പഞ്ചായത്ത്

തെക്ക് - അറബിക്കടൽ

വടക്ക് - പെരുങ്കടവിള ബ്ലോക്ക്

മുള്ളുവിള   വാർഡ്

ദൈവത്തിന്റെ സ്വന്തം നാടായ ഈ കൊച്ചു കേരളത്തിലെ തെക്കേ അറ്റത്തെ പഞ്ചായത്തായ പാറശ്ശാല പഞ്ചായത്തിലെ തെക്കേ അറ്റത്തെ വാർഡാണ് മുള്ളുവിള.വാർഡിൽ  കാർഷിക വൃത്തിക്കാണ്  പ്രധാന പ്രാമുഖ്യം നല്കിയിരിക്കുന്നത്.    മുള്ളുവിള വാർഡിനെ വർണ്ണശോഭിതം ആക്കുന്നത് പ്രകൃതി ഒരുക്കുന്ന പച്ചപ്പും വയലേലകളും ചെറുതും വലുതുമായ ജലസ്രോതസ്സുകളും ആണ്. ഉന്നത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന ശ്രീകൃഷ്ണ ഫാർമസി കോളേജ് വിദ്യാഭ്യാസരംഗത്തിന് പുതിയൊരു കാൽവെപ്പാണ്. മുള്ളുവിള വാർഡിലെ പ്രധാന ആകർഷണം അവിടെ കാണാൻ സാധിക്കുന്ന തൊട്ടിപ്പാലം ആണ്.

അതിരുകൾ

തെക്ക് : നടുത്തോട്ടം

വടക്ക് : മുരിയങ്കര വാർഡ്

കിഴക്ക് : കളിയിക്കാവിള

പടിഞ്ഞാറ് : പാറശ്ശാല

| | |
|---|---|
| **ജനസംഖ്യ** | : 2128 |
| **വീടുകൾ** | : 626 |
| **കുടുംബശ്രീ യൂണിറ്റുകൾ** | :30 |
| **പൊതു കുളങ്ങൾ** | : 1 |
| **നീർച്ചാലുകൾ** | : 12 |
| **തോടുകൾ** | : 2 |
| **അംഗനവാടികൾ** | : 3 |
| **സ്കൂൾ** | : 0 |
| **മൃഗാശുപത്രി** | : 0 |
| **പ്രാഥമിക ആരോഗ്യ കേന്ദ്രം** | : 0 |
| **തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം** | : 532 |
| **സജീവതൊഴിലാളികളുടെ എണ്ണം** | : 387 |

**രീതിശാസ്ത്രം**

**കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴേസൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ്** 13(**മുള്ളുവിള** ).

**ആദ്യഘട്ടം:**

**പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ്** 13 **ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.**

**രണ്ടാം ഘട്ടം:**

2018 **ഒക്ടോബർ മാസം ഒന്നാം തിയതി മുതൽ** 2019 **മാർച്ച് മാസം വരെ ഏറ്റെടുത്ത്**

നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും

.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

## <u>സോഷ്യൽ ഓഡിറ്റ്</u>

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്ന് സുതാര്യത ഉറപ്പു വരുത്തണമെന്നും

അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. . സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

## <u>7 Registers പരിശോധന വിശദാംശങ്ങൾ</u>

1. job card register (തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ)

3 തൊഴിൽ കാർഡ് രജിസ്റ്ററിൽ ആയി 495 തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നതിൽ 33 തൊഴിലാളികളുടെ ഫോട്ടോ പതിച്ചിട്ടില്ല.

2. Demand register, payment of allocation of work

(ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ)

ഓരോ തൊഴിലാളികളും എത്ര ദിവസം ജോലി ചെയ്തു, അവരുടെ വേതനം മസ്റ്ററോൾ നമ്പർ, വർക്ക് കോഡ് എന്നിവ ഉണ്ടായിരുന്നു.

3. work register (തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ )

* 80 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു.

* 2018 -19, 2019- 20 എന്നീ സാമ്പത്തിക വർഷങ്ങളിലെ രേഖപ്പെടുത്തലുകളും തുടർന്നുള്ള രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.

4. Fixed asset register (. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ)

31/3/2018 വരെ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

5. പരാതി register

2018 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് പരാതികൾ മാത്രമാണ് ഉണ്ടായിരുന്നത്.

6. Material register (. സാധന രജിസ്റ്റർ )

2017 -18 മുതൽ 2019- 20 സാമ്പത്തിക വർഷം വരെയുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

7. ഗ്രാമസഭ രജിസ്റ്റർ

14 /2 /2008 മുതലുള്ള ഗ്രാമസഭ മിനിറ്റസുകൾ രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ മിനിറ്റ്സുകൾ പൂർണ്ണം അല്ലായിരുന്നു.

കേന്ദ്രസർക്കാരിന്റെ  നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

1) കവർ പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മസ്റ്റർ റോൾ കോപ്പി

11) മെഷർമെൻറ് ബുക്കിന്റെ കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും

കോപ്പി.

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ് ഡയറി

## * ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ

* 1614006004/IF/380281
* 1614006004/IF/381609
* 1614006004/IF/376871
* 1614006004/IF/383283
* 1614006004/IF/391810
* 1614006004/IF/376872
* 1614006004/IF/381612
* 1614006004/IF/428329
* 1614006004/IF/391807
* 1614006004/IF/412044
* 1614006004/IF/415317
* 1614006004/IF/383280
* 1614006004/IF/384279
* 1614006004/IF/391801
* 1614006004/IF/391808
* 1614006004/IF/391803
* 1614006004/IF/391809
* 1614006004/IF/383281

* 1614006004/IF/391805

* 1614006004/IF/391806

* 1614006004/IF/381611

* 1614006004/IF/381769

* 1614006004/IF/391802

* 1614006004/IF/381770

**ലൈഫ് ഫയൽ പരിശോധന വിവരങ്ങൾ**

3 **പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, ചെലവഴിച്ച തുക, ഡിമാൻഡ് ഫോം, വർക്ക് അലോക്കേഷൻ ഫോം എന്നിവ ഇല്ലായിരുന്നു.**

3 **മസ്റ്റർ റോള് പ്രിൻറ് ചെയ്ത തീയതിയും പ്രവർത്തി ആരംഭിച്ച തീയതിയും ഒന്നുതന്നെയായിരുന്നു.** (No.8457, 8446, 8459)

3 **പരിശോധിച്ച് മെഷർമെൻറ് ബുക്കുകൾ ഒന്നും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല.**

3 **മെഷർമെൻറ് ബുക്കിലെയും മസ്റ്റർ റോളിലെയും തുക കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.**

3 **ഒരു ഉപഭോക്താവിന്റെ ഫയലിനോടൊപ്പം മറ്റൊരു വ്യക്തിയുടെ ഫോട്ടോയും സാക്ഷ്യപത്രവും കൂടെ വച്ചിരിക്കുന്നു.**

3 **വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, എഫ് റ്റി ഓ എന്നിവ ഉണ്ടായിരുന്നില്ല.**

**ഫീൽഡ്**

____

3 6 **വീട് ഒഴികെ മറ്റെല്ലാ വീടുകളും പൂർത്തിയായ നിലയിലാണ്.**

3 **പഞ്ചായത്തിൽ എത്തിയാണ് ഗുണഭോക്താക്കൾ മസ്റ്റർ റോളുകളിൽ ഒപ്പ് രേഖപ്പെടുത്തുന്നത്.എന്നാൽ എത്ര ദിവസത്തെ മസ്റ്റർ റോളുകൾ ലഭ്യമായിട്ടുണ്ട് എന്ന് ഇവർക്ക് വ്യക്തമായി അറിയില്ല.**

## വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

## പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

1. β **ഭൂവികസനം** (1614006004/WC/328591)

__________________________________

è **ഫയൽ**

________

* 25 പേരുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു. ഡിമാൻഡ് ചെയ്ത എല്ലാവർക്കും തൊഴിൽ ലഭിച്ചിരിക്കുന്നു.

*മെഷർമെന്റ് ബുക്കിൽ പ്രവർത്തിയുടെ വിശദമായ രേഖപെടുത്തലുകൾ ഉണ്ട്. തൊഴിൽ ഉപകരണങ്ങളുടെ വാടകയും രേഖപെടുത്തിയിട്ടുണ്ട്.

*കരം തീർത്ത രസീതുകൾ  ഫയലിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

*മസ്റ്റർ റോളിൽ തിരുത്തലുകൾ ഇല്ല.

*സൈറ്റ് ഡയറിയിലെ രേഖപെടുത്തലുകൾ പൂർണമായിരുന്നു.

*2 ഘട്ടത്തിലെ ഫോട്ടോ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

*മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഇല്ലായിരുന്നു.

*ചെക്ക് ലിസ്റ്റ്, തൊഴിൽ ഉപകാരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷി പത്രം, വി എം സി  റിപ്പോർട്ട്, സന്ദർശകകുറിപ്പ് എന്നിവ ഉണ്ടായിരുന്നു.

è ഫീൽഡ്

* 23 പ്രവൃത്തി സ്ഥലങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖകൾ ആണ് ഫയലിൽ ഉണ്ടായിരുന്നത്.

* മെഷർമെന്റ് ബുക്ക് പ്രകാരം 391 തെങ്ങിൽ തടം, 193 മഴകുഴി, 86 കംമ്പോസ്റ്റ്  കുഴി, 484 തെങ്ങിൻ  കുഴി, 196 ബണ്ടുകൾ എന്നീ പ്രവൃത്തികൾ നടപ്പിൽ ആക്കിയതായി കണ്ടെത്തി.

*ഫീൽഡ് തല പരിശോധനയിൽ  156 തെങ്ങിൻ തടം, 33 മഴകുഴി, 17കംമ്പോസ്റ്റു കുഴി, 40 ബണ്ടുകൾ, 44 തെങ്ങിൻ കുഴി എന്നിവ കാണാൻ കഴിഞ്ഞു.

*  7 പ്രവൃത്തി സ്ഥലങ്ങളിലായി  540 വാഴകുഴികൾ കാണാൻ സാധിച്ചു.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഒരു പ്രവൃത്തി സ്ഥലത്തു കമഴ്ത്തി ഇട്ടിരുന്നു.

2. മണ്ണ് ജല സംരക്ഷണം ( WC/336574)

è ഫയൽ

- - - - - - -

* 20 പേരുടെ ഡിമാന്റ്  ഫോം മാത്രമെ ഉണ്ടായിരുന്നുള്ളു. 49 പേർക്ക് തൊഴിൽ ലഭിച്ചിരിക്കുന്നു.

* മെഷർമെന്റ് ബുക്ക് പ്രകാരം 1770 ദിവസത്തെ തൊഴിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മസ്റ്റ റോൾ പ്രകാരം 1780 ദിവസം തൊഴിൽ ചെയ്തിട്ടുണ്ട്.

*മസ്റ്റർ റോളിൽ തുടർച്ചയായി പ്രവൃത്തിയിൽ ഹാജരാകാത്തവരായ തൊഴിലാളികൾ ഉണ്ടായിരുന്നു.( 4 പേർ) [1 2 /351, 13/181,13 122,13/265].

*സൈറ്റ് ഡയറിയിൽ പ്രവൃത്തി അവസാനിച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല.VMC റിപ്പോർട്ട്, സന്ദർശന കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.

*മസ്റ്റർ റോൾ നമ്പർ-36574 പ്രിന്റ് ചെയ്ത ദിവസം തന്നെ പ്രവൃത്തി ചെയ്തിരിക്കുന്നു.

*3ഘട്ടത്തിലുള്ള ഫോട്ടൊ ഇല്ല.

*മസ്റ്റർ  റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ട്. എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.

* മെഷർമെന്റ് ബുക്ക് സർട്ടിഫൈ ചെയ്തിട്ടില്ല.

ẽ ഫീൽഡ്

____

* 14 പ്രവൃത്തി ദിവസങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

*മെഷർമെന്റ് ബുക്ക് പ്രകാരം 459 തെങ്ങിൻ തടങ്ങൾ ,245 മഴക്കുഴികൾ,523 തെങ്ങിൻ കുഴികൾ, 50 കമ്പോസ്റ്റ് കുഴികൾ,276 ബണ്ടുകൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്:

* ഫീൽഡ് തല പരിശോധനയിൽ 35 തെങ്ങിൻ കുഴികൾ, 3 കമ്പോസ്റ്റ്



കുഴികൾ എന്നിവ മാത്രമെ കാണാൻ സാധിച്ചുള്ളു.

*മിക്ക പ്രവൃത്തി സ്ഥലങ്ങളിലും വാഴകളാണ് കണ്ടത്.

* 2ഭൂവികസന പ്രദേശം കാടു നിറഞ്ഞ അവസ്ഥയിൽ ആയതിനാൽ വാഴക്കുഴികളും ,ബണ്ടുകളും എണ്ണിത്തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല.

* പ്രവൃത്തിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ കാണാൻ സാധിക്കാത്തത് പ്രവർത്തിക്കായി വിനിയോഗിച്ച ധനം ദുർവിനിയോഗം ചെയ്തതായി കണക്കാക്കുന്നു.

3 മണ്ണ് ജല സംരക്ഷണം ( WC/336573)

______________________

ẽ ഫയൽ

_______

* നിയമ പ്രകാരം ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതായ 22 രേഖകളിൽ ഭരണാനുമതി, സാങ്കേതികാനുമതി, മസ്റ്റർ റോൾ, വേജ് ലിസ്റ്റ്, ഡിമാന്റ് ഫോം, മെഷർമെന്റ് ബുക്ക്, ഫോട്ടോകൾ, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

*24 പേരുടെ ഡിമാന്റ് ഫോം ഉണ്ടായിരുന്നു.43 പേർ സൈറ്റ് ഡയറിയിൽ ഒപ്പിട്ടിരിക്കുന്നു. 43 പേരുടെ പേരും.മസ് റ്ററോളിലുണ്ട്.

*മസ്റ്റർ  റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നു.

*കരം തീർത്ത രസീതുകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

* ഭരണാനുമതി, സങ്കേതികാനുമതി എന്നിവയിൽ ബന്ധപ്പെട്ട അധികൃതർ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.

*വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ട്. സാക്ഷ്യപ്പെടുത്തൽ ഇല്ല.

è ഫീൽഡ്

_______

*16 പുരയിടങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയതിന്റെ  രേഖകളാണ് ഫയലിൽ  ഉണ്ടായിരുന്നത്.

*മെഷർമെന്റ് ബുക്ക് പ്രകാരം 209 മഴക്കുഴികൾ,489 തെങ്ങിൻ കുഴികൾ,56 കംപോസ്റ്റ് കുഴികൾ, 273 ബണ്ടുകൾ, 1243 തെങ്ങിൻ തടങ്ങൾ എന്നീ പ്രവൃത്തികൾ രേഖപ്പെടുത്തിക്കാണുന്നു.

* ഫീൽഡ് തല പരിശോധനയിൽ 40 തെങ്ങിൻ കുഴികൾ, 36 കംപോസ്റ്റ് കുഴികൾ, 106 തെങ്ങിൻ തടങ്ങൾ എന്നിവ കാണാൻ സാധിച്ചു.

*550 വാഴകളാണ് നട്ടിരിക്കുന്നത് കണ്ടത്.മഴക്കുഴികൾ, ബണ്ടുകൾ എന്നിവ കാണാൻ സാധിച്ചില്ല.

* 30 കുഴികളിലായി വൃക്ഷ തൈകൾ നട്ടിട്ടുണ്ട്.

* പ്രവൃത്തിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ കാണാൻ സാധിക്കാത്തത് ധനം ദുർവിനിയോഗം ചെയ്തതായി കണക്കാക്കുന്നു.

4.ചാനൽ ചെളി കോരൽ(IC/32188)

""""""""""""""""""""""""""""""""""""""""""""""""





è ഫയൽ

* എ എം സി പ്രകാരമുള്ള കവർ പേജ്,  ചെക്ക് ലിസ്റ്റ്, സാങ്കേതികാനുമതി,  ഭരണാനുമതി എന്നിവ ഉണ്ടായിരുന്നെങ്കിലും സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

*ഡിമാൻന്റ്  ഫോമിൽ 25 പേരാണ് തൊഴിൽ ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നത്.

*സൈറ്റ് ഡയറിയിൽ തൊഴിൽ ഉപകരണങ്ങളുടെ വാടക, വി എം സി റിപ്പോർട്ടുണ്ടായിരുന്നു. ചികിത്സയുമായി ബന്ധപ്പെട്ട  യാതൊരു രേഖപ്പെടുത്തലുകളും  കാണാൻ കഴിഞ്ഞില്ല.

* പ്രവർത്തിയുടെ മൂന്ന് ഘട്ടങ്ങളുടെ ഫോട്ടോ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

* വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു. എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

è ഫീൽഡ്

* മെഷർമെന്റ് ബുക്ക് പ്രകാരം 900 മീറ്ററിലാണ് പ്രവർത്തി നടപ്പിലാക്കിയ തായി രേഖപ്പെടുത്തിയിരിക്കുന്നത്.

*ഫീൽഡ് തല പരിശോധനയിൽ ചാനലിന്റെ നീളം 750 മീറ്ററിലാണ് പ്രവർത്തി ചെയ്ത സ്ഥലത്തിൻറെ 200 മീറ്റർ ഭാഗം കനാൽ  ആണ്.

*സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു. ബോർഡിൽ ഔദ്യോഗിക മുദ്ര ഉണ്ടായിരുന്നില്ല.

* മണ്ണ് അടിഞ്ഞു കൂടിയതും കരഭാഗം കാടുകയറിയ നിലയിലുമാണ് ചാനലിലെ ഇപ്പോഴത്തെ അവസ്ഥ.

5. കിണർ നിർമ്മണം( DW/321863)

____________________

è ഫയൽ

________

*. അവിദഗദ്ധ, അർദ്ധവിദഗദ്ധ തൊഴിലാളികളുടെ മസ്റ്റ് റോൾ ഉണ്ടായിരുന്നു.

* ചെക്ക്ലിസ്റ്റിൽ പേജ്നമ്പർ രേഖപെടുത്തിയിട്ടില്ല, ഭരണാനുമതി, സങ്കതികാനുമതി എന്നിവ ഉണ്ടായിരുന്നു. ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നില്ല.എന്നാൽ ബന്ധപെട്ട ഉദ്ധഗ്യാസ്ഥരുടെ ഒപ്പും, സീലും ഉണ്ടായിരുന്നില്ല.

*അർദ്ധവിദഗദ്ധ തൊഴിലാളകളുടെ മസ്റ്റർ റോളിൽ തിരുത്തൽ

കാണുന്നു { No - 18945}

*മസ്റ്റ് റോൾ പ്രിന്റ് ചെയ്ത തിയതിയിൽ തന്നെ പ്രവൃത്തി ആരംഭിച്ചയിരിക്കുന്നു [ No-4992, No- 18945, No-4994]

*മസ്റ്റ് റോൾ നമ്പർ 6826-മസ്റ്റ് റോൾ പ്രിന്റ് ചെയ്ത കിട്ടിയതു

11/9/2018 ൽ എന്നാൽ പ്രവൃത്തി നടന്നത് 8/9/18 മുതൽ 14/9/18 വരെ.

*ഒന്നാം ഘട്ടത്തിലെയും മൂന്നാം ഘട്ടത്തിലെയും ഫോട്ടോ ഫയലിൽ വച്ചിട്ടുണ്ട്.

*സൈറ്റ് ഡയറിയിൽ പ്രവൃത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി എന്നിവ ഒഴികെ ബാക്കി വിവരങ്ങൾ രേഖപെടുത്തിയിട്ടുണ്ട്.

*വി എം സി റിപ്പോർട്ട്, സന്ദർശകകുറിപ്പ്, തൊഴിലാളികളുടെ സാക്ഷ്യ പത്രം ഇവ ഇല്ല.

* മെഷർമെന്റ് ബുക്ക് സർട്ടിഫൈ ചെയ്തിട്ടില്ല.

è ഫീൽഡ്

---

*. മെഷർമെന്റ് ബുക്ക് പ്രകാരം 19.5 മീ ആഴം ഉള്ള കിണർ നിർമിച്ചു എന്നാണ് രേഖപെടുത്തി കാണുന്നത്. എന്നാൽ ഫീൽഡ് തല പരിശോധനയിൽ കിണറിന്റെ ആഴം 11മീ എന്നാണ് ബോധ്യപെട്ടത് .

*മെഷർമെന്റ് ബുക്ക് പ്രകാരം 87112 രൂപ ചെലവ് ആക്കിയിട്ടുണ്ട്.

6.കിണർ നിർമാണം (DW/321856)


* അവിദഗദ്ധ , അർദ്ധ വിദഗദ്ധ തൊഴിലാളികളുടെ മസ്റ്റർ റോള് ഉണ്ടായിരുന്നു.

*ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

*അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ മസ്റ്റർ റോളിൽ തിരുത്തലുകൾ കാണുന്നു. (No-3876, No-3875)

*മസ്റ്റർ റോള് പ്രിന്റ് ചെയ്ത തിയതിയിൽ  തന്നെ ജോലി പ്രവർത്തി ആരംഭിച്ചിരിക്കുന്നു. (No-5007, No-5006)

*മസ്റ്റർ റോള് നമ്പർ 6822- മാസ്റ്ററോള് പ്രിന്റ് ചെയ്തു കിട്ടിയത് 11/9/2018.എന്നാൽ പ്രവർത്തി നടന്നത് 8/9/2018 മുതൽ 14/9/2018 വരെ.


Muster Roll(For Skilled / Semi Skilled Labour)

Signature of MATE

Gram Rozgar Sahayak

Junior Engineer

***ഭരണാനുമതി, സാങ്കേതിക അനുമതി ഇവയിൽ ബന്ധപ്പെട്ട അധികൃതർ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.**

***3 ഘട്ടത്തിലെ ഫോട്ടോ ഫയലിനൊപ്പം വച്ചിട്ടുണ്ട്.**

***സൈറ്റ് ഡയറിയിൽ പ്രവർത്തി ആരംഭിച്ച തിയതി, അവസാനിച്ച തിയതി എന്നിവ ഒഴികെയുള്ള രേഖപ്പെടുത്തലുകൾ ഉണ്ട്.**

***വി എം സി റിപ്പോർട്ട്, സന്ദർശക കുറിപ്പ് സാക്ഷ്യപത്രം ഇവ ഇല്ല.**

***മെഷർമെന്റ് ബുക്കിലെയും മസ്റ്റർ റോളിലെയും തുക തമ്മിൽ തുല്യമാണ്.**

***മെഷർമെന്റ് ബുക്ക് സർട്ടിഫൈ ചെയ്തിട്ടില്ല.**

è ഫീൽഡ്

__________

*മെഷർമെന്റ് ബുക്ക് പ്രകാരം 19.5 m ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്. എന്നാൽ ഫീൽഡ് തല പരിശോധനയിൽ കിണറിന്റെ ആഴം 19.67 m എന്നാണ് ബോധ്യപ്പെട്ടത്.

*മെഷർ മെന്റ് ബുക്ക് പ്രകാരം 85162രൂപ ചെലവഴിച്ചിട്ടുണ്ട്.

7.കിണർ നിർമാണം –( DW/331858)

______________________________

è ഫയൽ


____

* ഭരണാനുമതി, സാങ്കേതികാനുമതി ഇവയിൽ ബന്ധപ്പെട്ട അധികൃതർ സാക്ഷ്യപെടുത്തിയിട്ടില്ല.

*ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

*അവിദഗ്ധ. അർദ്ധവിദഗ്ധ തൊഴിലാളികളുടെ മസ്റ്റർ റോൾ ഉണ്ടായിരുന്നു.

*മാസ്ട്രോള് നമ്പർ –35220,  അർദ്ധവിദഗ്ധ തൊഴിലാളികളുടെ മസ്ട്രോളിൽ ഒരു രേഖപെടുത്താലും ഇല്ല.




* മസ്ട്രോളിൽ 99 അർദ്ധവിദഗ്ധ് തൊഴിലാളികൾ പ്രവൃത്തി ചെയ്തതായി സാക്ഷ്യപെടുത്തിയിരിക്കുന്നു.എന്നാൽ മെഷർമെൻറ് ബുക്ക് പ്രകാരം 115 ദിവസത്തെ പ്രവൃത്തി രേഖപ്പെടുത്തിയിരിക്കുന്നു.

* 2 ഘട്ടത്തിലെ ഫോട്ടോ വെച്ചിട്ടുണ്ട്

* സൈറ്റ് ഡയറിയിൽ പ്രവൃത്തി ആരംഭിച്ച തീയതി,  അവസാനിച്ച തീയതി ഇവ ഒഴികെ ബാക്കി വിവരങ്ങൾ പൂർണമാണ്.

* VMC റിപ്പോർട്ട്, തൊഴിലാളികളുടെ സാക്ഷ്യപത്രം, സന്ദർശക കുറിപ്പ് എന്നിവ സൈറ്റ് ഡയറിയിൽ ഇല്ലായിരുന്നു.

è ഫീൽഡ്

______

* മെഷര്മെന്റ് ബുക്ക് പ്രകാരം 19.5 മി  ആഴമുള്ള കിണർ നിർമിച്ചു എന്നാണ് രേഖപെടുത്തികാണുന്നത്. എന്നാൽ ഫീൽഡ് തല പരിശോധനയിൽ 10 മി  ആഴം കിണറിനു ഉള്ളതായാണ് ബോധ്യപ്പെട്ടത്.

* മെഷര്മെന്റ് ബുക്കിൽ പ്രവൃത്തിക്കായി 89362 രൂപ ചെലവഴിച്ചിട്ടുള്ളത് ആയി രേഖപ്പെടുത്തി കാണുന്നു. .

8. കിണർ നിർമ്മാണം (DW/321855)

è ഫയൽ

- അവിദഗ്ധ, അർധ വിദഗ്ധ തൊഴിലാളികളുടെ മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു.

- ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

- അവിദഗ്ധ തൊഴിലാളികളുടെ മസ്റ്റർ റോളിൽ തിരുത്തൽ കാണുന്നു ( No. 3860, No.4962)

- മസ്റ്റർ റോൾ പ്രിൻറ് ചെയ്ത തീയതിയിൽ തന്നെ പ്രവർത്തി ആരംഭിച്ചിരിക്കുന്നു (No.3860, No.6843)

- സാങ്കേതിക അനുമതി ഉൾപ്പെടുത്തിയിട്ടുണ്ട് ഭരണാനുമതി ഉൾപ്പെടുത്തിയിട്ടില്ല.

- വി എം സി റിപ്പോർട്ട്, സന്ദർശകകുറിപ്പ്, തൊഴിലാളികളുടെ സാക്ഷ്യപത്രം ഇവ ഇല്ല.

- സൈറ്റ് ഡയറിയിൽ പ്രവൃത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി എന്നിവ ഒഴികെ ബാക്കി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

- ഒന്നാം ഘട്ടത്തിലെയും മൂന്നാം ഘട്ടത്തിലെയും ഫോട്ടോ മാത്രമാണ് ഉണ്ടായിരുന്നത്.

- മെഷർമെൻറ് ബുക്കിലെയും മസ്റ്റർ റോളിലെയും തുകകൾ തുല്യമാണ്.

- മെഷർമെൻറ് ബുക്ക് സർട്ടിഫൈ ചെയ്തിട്ടില്ല.

è **ഫീൽഡ്**

ı **മെഷർമെൻറ് ബുക്ക് പ്രകാരം** 19.5 **മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത് എന്നാൽ ഫീൽഡ് തല പരിശോധനയിൽ കിണറ്റിലെ ആഴം** 11 **മീറ്റർ എന്നാണ് ബോധ്യപ്പെട്ടത്.**

ı **മെഷർമെൻറ് ബുക്ക് പ്രകാരം** 90112 **രൂപ ചെലവഴിച്ചിട്ടുണ്ട്.**

9.**കിണർ നിർമ്മാണം**(DW/321859)

è **ഫയൽ**

***അവിദഗ്ധ, അർധ വിദഗ്ധ തൊഴിലാളികളുടെ മസ്റ്റർ റോൾ ഉണ്ടായിരുന്നു.**

***ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.**

***ആക്ഷൻ പ്ലാൻ, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ഉണ്ടായിരുന്നില്ല.**

***മസ്റ്റർ റോളുകളിൽ മേറ്റിന്റെ ഒപ്പ്, ദിവസവേതനം എന്നിവ**

രേഖപ്പെടുത്തിയിട്ടില്ല.

*മെഷർമെൻറ് ബുക്കിൽ അളവുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്, സർട്ടിഫൈ ചെയ്തിട്ടില്ല.

*വേജ് ലിസ്റ്റ് ഉണ്ടായിരുന്നു എഫ് റ്റി ഓ ട്രാൻസാക്ഷൻ ഡീറ്റെയിൽസ് പൂർണമായിരുന്നു.

* 3 ഘട്ട ഫോട്ടോസ് ഉണ്ടായിരുന്നു.

*പ്രവൃത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

è ഫീൽഡ്

*മെഷർമെൻറ് ബുക്ക് പ്രകാരം 19.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ഫീൽഡ് തല പരിശോധനയിൽ 23.8 മീറ്റർ ആഴം കിണറിന് ഉള്ളതായാണ് ബോധ്യപ്പെട്ടത്.

*ഉപഭോക്താവ് ആയ മേരി പുഷ്പത്തിന് പദ്ധതിയിലൂടെ ലഭ്യമാക്കേണ്ട തുക ലഭിച്ചു എന്നാണ് അറിഞ്ഞത്.

*പ്രവർത്തിയായി 90112 രൂപ ചെലവായെന്നാണ് മെഷർമെൻറ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

<u>10. കിണർ നിർമ്മാണം( DW/321860)</u>

*അവിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികളുടെ മസ്റ്റർ റോള് ഉണ്ടായിരുന്നു.

* ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിട്ടില്ല.

* ഭരാണാനുമാതി, സാങ്കേതിക അനുമതി ഇവയിൽ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

*മെഷർ മെന്റ് ബുക്കിൽ അളവുകൾ കൃത്യമായി രേഖപ്പെടുത്തിട്ടുണ്ട്. സർട്ടിഫൈ ചെയ്തിട്ടില്ല.

*ഒരു ഘട്ടത്തിലെ ഫോട്ടോ മാത്രമേ വച്ചിട്ടുള്ളൂ.

* സൈറ്റ് ഡയറി ഉണ്ടായിരുന്നു. വി എം സി റിപ്പോർട്, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നില്ല.

è ഫീൽഡ്

---

* മെഷർ മെന്റ് ബുക്ക് പ്രകാരം 19.5 ആഴമുള്ള കിണർ നിർമിച്ചു

എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ഫീൽഡ് തല പരിശോധനയിൽ കിണറിന്റെ ആഴം 7.6 m എന്നാണ് ബോധ്യപ്പെട്ടത്.

*മെഷർമെന്റ് ബുക്ക് പ്രകാരം 87937രൂപ ചിലവഴിച്ചിട്ടുണ്ട്.

പൊതുവായ കണ്ടെത്തൽ

**********************

*ഫയലുകളിലെ രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ശരിയായ ക്രമത്തിൽ അല്ല.

*പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിലെ മെഷർമെൻറ് ബുക്കുകൾ ഒന്നും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല.

*അർധ വിദഗ്ധ, അവിദഗ്ധ തൊഴിലാളികളുടെ മസ്റ്റർ റോളുകൾ പൂർണമായ രേഖപ്പെടുത്തലുകളോടെ അല്ല സൂക്ഷിച്ചിരിക്കുന്നത്.

*ചാനൽ പുനരുദ്ധാരണം പോലുള്ള പ്രവർത്തികളിൽ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാകുന്നില്ല എന്ന് ബോധ്യപ്പെട്ടു.

*കിണർ നിർമ്മാണം പോലുള്ള പ്രവർത്തികളിൽ തൊഴിലാളികൾക്ക് പ്രവൃത്തിയുമായി ബന്ധപ്പെട്ട വ്യക്തമായ ധാരണ ലഭ്യമാകുന്നില്ല എന്ന് അറിയാൻ സാധിച്ചു.ഇക്കാര്യം പരിഗണിച്ചാൽ അളവുകളിലെ വ്യത്യാസം മറികടക്കാൻ സാധിച്ചേക്കും.

*ഭൂവികസന പ്രവർത്തികൾ ഭൂരിഭാഗവും ശരിയായ വിധത്തിൽ പ്രവർത്തി നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്, വളരെ കുറച്ചു പ്രവർത്തി സ്ഥലങ്ങൾ മാത്രമേ ഉപയോഗശൂന്യമായ രീതിയിൽ കാണാൻ കഴിഞ്ഞുള്ളൂ.

*പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകളിൽ   ഗ്രാമസഭ രജിസ്റ്റർ ഓരോ വാർഡിലും  ആവശ്യമാണ്. ഇത്തരത്തിലൊരു രജിസ്റ്റർ ഉണ്ടായിരുന്നില്ല.

*മാറ്റുമാരുടെ  സഹകരണം തുടക്കത്തിൽ ലഭിക്കാതിരുന്നത് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

*കാരക്കാട് മുതൽ വാഴോട്ടുവിള വരെയുള്ള ചാനൽ പുനരുദ്ധാരണം ചെയ്യണമെന്ന് സന്ദർശനവേളയിൽ തൊഴിലാളികൾ ഉന്നയിച്ചു.

നിർദ്ദേശങ്ങൾ

________

*ഫയലുകളിലെ രേഖകൾ കൃത്യതയോടെയും ശരിയായ ക്രമത്തിലും സൂക്ഷിക്കാൻ ശ്രമിക്കേണ്ടതാണ്.

*കളിസ്ഥലം നടപ്പാത കളുടെ നിർമ്മാണം മുതലായ പ്രവൃത്തികൾ വാർഡ് തലത്തിൽ നടപ്പാക്കാവുന്നതാണ്.

*പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ നിയമാനുസൃതമായ

കാലയളവിൽ നിലനിൽക്കാൻ  ഉതകുംവിധം നടപ്പിലാക്കേണ്ടതാണ്.

*ഭൂവികസനം പോലുള്ള പ്രവർത്തികൾ ഭൂഉടമയ്ക്ക് പ്രവർത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.

*തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

*ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

ഗ്രാമസഭ പരാമർശങ്ങൾ

""""""""""""""""""""""""""""""""

*ഗ്രാമസഭയിൽ പങ്കെടുത്ത ഭൂരിപക്ഷം തൊഴിലാളികളും ആവശ്യപ്പെട്ടത് 100 ദിവസത്തെ ജോലി വേണം എന്നതാണ്.

*പ്രവൃത്തിസമയം നാലുമണിവരെ ആക്കണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

*തൊഴിലാളികൾക്ക് ആവശ്യമായ തൊഴിലിട സൗകര്യങ്ങൾ,  സുരക്ഷാ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ് .

*നിലവിൽ സുരക്ഷാസംവിധാനങ്ങൾക്കായി തൊഴിലാളികൾക്കിടയിൽ

നിന്നുമാണ് തുക ഈടാക്കുന്നത്.

പ്രത്യേക പരാമർശം

×××××××××××××××××

* നിർവഹണ ഏജൻസിയെ പ്രതിനിധീകരിച്ച് വാർഡ് മെമ്പർ മാത്രമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ പങ്കെടുത്തത്.

റിപ്പോർട്ട് തയ്യാറാക്കിയത്

_______________

1.ബി ആർ പി അനുശ്രീ

2. വി ആർ പി സൂര്യ

3.വി ആർ പി സിനി

4.വി ആർ പി ജിനിമോൾ

5.വി ആർ പി ശ്രീനു